**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1137** **18-09-2025 - ൽ മറുപടിയ്ക്ക്**

**നദീതട സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വെള്ളപ്പൊക്കവും വരൾച്ചയും നേരിടാനും നദീതട പരിപാലനത്തിനുമുള്ള നദീതട സംരക്ഷണ ചട്ടക്കൂടിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. കേരളത്തിൽ പ്രതിവർഷം ശരാശരി 3000 മില്ലിമീറ്റർ മഴ ലഭിച്ചിട്ടും, മഴക്കാലം കഴിഞ്ഞാൽ പലയിടത്തും ജലക്ഷാമം രൂക്ഷമാകാറുണ്ട്. തെക്കുപടിഞ്ഞാറൻ മൺസൂൺ (ജൂൺ-സെപ്റ്റംബർ), വടക്കുകിഴക്കൻ മൺസൂൺ (ഒക്ടോബർ-ഡിസംബർ) എന്നീ ആറ് മാസങ്ങളിലാണ് ഏകദേശം 90% മഴയും ലഭിക്കുന്നത്. ഈ മഴവെള്ളം നദികളിൽ നിറയുമെങ്കിലും, തുടർന്നു വരുന്ന വരണ്ട കാലാവസ്ഥ ജനജീവിതത്തെയും കാർഷിക മേഖലയെയും ബാധിക്കുന്നു. ഈ പ്രതിസന്ധി പരിഹരിക്കാനും പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുവാനും ഫലപ്രദമായ ജല മാനേജ്മെന്റ് എന്നത്തേക്കാളും അടിയന്തരമായി മാറിയിരിക്കുന്നു. നദീതടങ്ങളിൽ ഉടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM) നടപ്പിലാക്കുന്നതിനുള്ള ഒരു ആധികാരിക മാർഗ്ഗനിർദ്ദേശ ഗൈഡായി സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട് (OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) 25.06.2025 - ലെ മന്ത്രിസഭായോഗം അംഗീകരിക്കുകയും 26.06.2025 - ലെ സർക്കാർ ഉത്തരവ് GO(P)No.25/2025/WRD പ്രകാരം നിലവിൽ വരികയും ചെയ്തു. നദീതട പരിപാലനത്തിന്റെ അടിസ്ഥാന മേഖലയെ അഭിസംബോധന ചെയ്യുന്ന നിരവധി അദ്ധ്യായങ്ങളായി ഈ ചട്ടക്കൂട് ക്രമീകരിച്ചിരിക്കുന്നു. ദീർഘകാല തന്ത്രപരമായ ആസൂത്രണവും വാർഷിക പ്രവർത്തന പദ്ധതികളും മുതൽ സുതാര്യമായ സാമ്പത്തിക ഘടനകളും നിരീക്ഷണ സംവിധാനങ്ങളും വരെ IWRM ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സമഗ്രമായ അടിത്തറ നൽകുന്നു. ഉദ്യോഗസ്ഥ-ഭരണകൂടതലങ്ങളിലുള്ളവരെ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി 4 തട്ടുകളായി പ്രവർത്തിക്കുന്ന തരത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രസ്തുത ചട്ടക്കൂടിൽ ബഹു. മുഖ്യമന്ത്രിയും, ധനകാര്യം, തദ്ദേശസ്വയംഭരണം, കൃഷി, പരിസ്ഥിതി കൂടാതെ ബന്ധപ്പെട്ട വകുപ്പിലെ മറ്റു മന്ത്രിമാരും ഉൾപ്പെടുന്ന അപെക്സ് കമ്മിറ്റി, അഡീഷണൽ ചീഫ് സെക്രട്ടറി മറ്റു വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടുന്ന സ്റ്റിയറിംഗ് കമ്മിറ്റി, വകുപ്പ് തലവന്മാർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി, കളക്ടറും ജില്ലാതല ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന റിവർ ബേസിൻ ലെവൽ കമ്മിറ്റി എന്നിവ ഉൾപ്പെടുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കുന്ന സെക്ടറൽ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും പദ്ധതികൾ / പ്രവൃത്തികൾ ആവിഷ്കരിക്കുന്നത്. നിലവിൽ അപ്രകാരം ഉള്ള സെക്ടറൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല. |
| (ബി) | നദീതട സംരക്ഷണം ലക്ഷ്യമിട്ട് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമാണത്തിൽനിന്നും സർക്കാർ പിന്മാറിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | സുസ്ഥിരമായ നദീതട മാനേജ്മെന്റിനായുള്ള ഏറ്റവും ലളിതമായ മാതൃക സ്വീകരിച്ച്, നിലവിലുള്ള ഏജൻസികളെയോ പ്രക്രിയകളെയോ തടസ്സപ്പെടുത്താതെ മെച്ചപ്പെടുത്തലുകൾ കൊണ്ടുവരുന്ന ഒരു സംവിധാനമായാണ് സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട് (OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) രൂപകൽപന ചെയ്തിരിക്കുന്നത്. ഒരു പുതിയ അതോറിറ്റി സ്ഥാപിക്കുന്നതിന് പകരം, നിലവിലുള്ള സർക്കാർ സംവിധാനങ്ങളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് പ്രവർത്തിക്കുന്ന ഒരു ചട്ടക്കൂട് രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്. IWRM- ന്റെ ഒരു മാർഗനിർദേശ അതോറിറ്റിയായി പ്രവർത്തിക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ചട്ടക്കൂട്, ഭരണഘടന, ആസൂത്രണ രീതികൾ, സാമ്പത്തിക മാനേജ്മെന്റ് എന്നിവയുൾപ്പെടെയുള്ള അവശ്യ ഘടകങ്ങളുടെ രൂപരേഖ നൽകുന്നു. സർക്കാർ ഏജൻസികൾ, പ്രാദേശിക സമൂഹങ്ങൾ, സിവിൽ സൊസൈറ്റി, സ്വകാര്യ മേഖല എന്നിവയ്ക്കിടയിലുള്ള സഹകരണത്തിന് ഊന്നൽ നൽകുകയും, സുസ്ഥിര നദീതട പരിപാലനത്തിനായി എല്ലാ പങ്കാളികളും ഒരുമിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. വ്യക്തമായ റോളുകളും ഉത്തരവാദിത്തങ്ങളും നിർവചിക്കുന്നതിലൂടെ, ഈ ചട്ടക്കൂട് വകുപ്പുകളിലുടനീളം യോജിച്ച പ്രവർത്തനം വർദ്ധിപ്പിക്കാനും നദീതട പരിപാലന സംരംഭങ്ങളുടെ |

| | | | |
|---|---|---|---|
| | | | കാര്യക്ഷമതയും സ്വാധീനവും മെച്ചപ്പെടുത്താനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ